പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 777</u> <u>08-03-2012 - ൽ മറുപടിയ്ക്ക്</u>

<u>വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

| <u>ചോദ്യം</u><br>പ്രൊഫ.സി.രവീന്ദ്രനാഥ് | <u>മറുപടി</u><br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വിശദമാക്കാമോ ;<br><br>(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ? | (എ) & (ബി)<br>വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സിവിൽ, മെക്കാനിക്കൽ,ഇലക്ട്രിക്കൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നതാണ്. ഇതിൽ മെക്കാനിക്കൽ പ്രവൃത്തിയിൽ മോട്ടോർ, പമ്പ്സെറ്റ് എന്നിവ സപ്ലൈ ചെയ്തിട്ടുണ്ട്. സിവിൽ പ്രവൃത്തികളുടെ ബാലൻസ് വർക്കുകൾക്കും, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും NABARD XI-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. എന്നാൽ റേറ്റ് റിവിഷൻ നിലവിൽ വന്നതു പ്രകാരം സിവിൽ വർക്കിന്റെ ബാലൻസ് പ്രവൃത്തികൾ ആയതനുസരിച്ച് പുതുക്കുകയും, ഇലക്ട്രിക്കൽ വർക്കിന്റെ പ്രവൃത്തികൾ പുതുക്കിയ നിരക്കനുസരിച്ച് പുതുക്കി വരികയുമാണ്. NABARD XI-ന്റെ റീയിംബേഴ്സ്മെന്റ് കാലാവധി 31-3-2012 വരെ മാത്രമേയുള്ളു. ആയതിനാൽ ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ചെങ്കിൽ മാത്രമേ പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.